എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ കരട് നയം, അവരുമായി നടത്തിയ വിശകലനത്തിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചും ന്യൂനതകൾ പരിഹരിച്ചും ഭേദഗതി വരുത്തിയിട്ടുണ്ട്. പുതുക്കിയ കരട് നയം സർക്കാരിന്റെ പരിഗണനയിലാണ്.

സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന സ്പോർട്ട്സ് കമ്മീഷൻ ശുപാർശ

24 (*534) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായികരംഗത്തിന്റെ സമഗ്ര പുരോഗതിക്കായി ഒരു സ്പോർട്ട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന് സ്പോർട്ട്സ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്പോർട്ട്സ് മെഡിസിൻ രംഗം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന സ്പോർട്ട്സ് മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടും പഠനകേന്ദ്രവും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

(സി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി&ഇ) പരിശോധിച്ചു വരുന്നു.

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾ

25 (*535) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അംഗീകരിച്ച കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് വഴി ചെയ്യേണ്ട പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly